II. അടിയന്തിരപ്രമേയം

തിരുവനന്തപുരം ജില്ലയിലെ വെള്ളെക്കടവ് സ്വദേശി ലക്ഷ്മണന്റെ ദുരൂഹമരണം

മി. ഡെപ്യൂട്ടി സ്പീക്കർ: തിരുവനന്തപുരം ജില്ലയിൽ വെള്ളെക്കടവ് പാണങ്കര കുഴിവിള വീട്ടിൽ ലക്ഷ്മണൻ (55 വയസ്സ്) എന്നയാളിന്റെ മൃതദേഹം കാലുകൾ തുണിചുറ്റി ബന്ധിച്ച നിലയിൽ കരമനയാറ്റിൽ കണ്ടെത്തിയിരിക്കുന്നു. ശനിയാഴ്ച വീട്ടിൽ നിന്നുമിറങ്ങിയ ഇയാൾ തിങ്കളാഴ്ച കൊലചെയ്യപ്പെട്ട നിലയിൽ കണ്ടെത്തിയ തിനെത്തുടർന്നും കൊലപാതകങ്ങളും കവർച്ചകളും മോഷണങ്ങളും ദിനംപ്രതിയുണ്ടായിക്കൊണ്ടിരിക്കുന്നതിനാലും ജീവനും സ്വത്തിനും യാതൊരു സംരക്ഷണവുമില്ലാതെ ജനങ്ങൾ പരിഭ്രാന്തരായിരിക്കുന്നതിനാലും ക്രമസമാധാന നില തകർന്നുകൊണ്ടിരിക്കുന്ന അത്യന്തം ഉൽകണ്ഠാജനകമായ സ്ഥിതിവിശേഷം സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. തോമസ് ഐസക് സർവ്വശ്രീ കെ.പി. രാജേന്ദ്രൻ, എ.എ. അസ്സീസ്, പി.സി. ജോർജ്ജ്, എ.സി. ഷൺമുഖദാസ്, വി.സി. കബീർ, ഡോ. കെ.സി. ജോസഫ് ഡോ. എ. നീലലോഹിതദാസൻ നാടാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 a. m.]

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): സർ, അടിയന്തിര പ്രമേയത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രശ്നം സംബന്ധിച്ച് നേരത്തെതന്നെ തിരുവനന്തപുരം നോർത്ത് നിയോജകമണ്ഡലത്തിലെ എം.എൽ.എ ശ്രീ. കെ. മോഹൻകുമാർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കൂടുതൽ ശക്തമായ അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. അപ്പോഴാണ് ഇന്നു രാവിലെ ഈ അടിയന്തിര പ്രമേയം ഇവിടെ ലഭിച്ചത്. തിരുവനന്തപുരം വെള്ളെക്കടവ് പാണങ്കര കുഴിവിള വീട്ടിൽ 55 വയസ്സുള്ള ലക്ഷ്മണൻ നാടാർ വെള്ളെക്കടവ് പാലത്തിനുസമീപത്തുള്ള ആറ്റിൽ മരിച്ചുകിടക്കുന്നതായി 12-7-2004-ന് രാവിലെ കാണപ്പെട്ടു. ഇക്കാര്യത്തെ സംബന്ധിച്ച് ക്രിമിനൽ പ്രൊസീഡ്യൂവർ കോഡ് 104-ാം വകുപ്പു പ്രകാരം ക്രൈം 157/2004-ാം നമ്പറായി വട്ടിയൂർക്കാവ് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് മൃതശരീരം കരയ്ക്കെടുത്ത് പ്രേതവിചാരണയുടെ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മെഡിക്കൽകോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം പരിശോധന നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. 10-7-2004-ന് വീട്ടിൽ നിന്നും പുറത്തുപോയ ലക്ഷ്മണൻ നാടാർ തിരികെ വീട്ടിലെത്താത്തതിനെത്തുടർന്ന് ബന്ധുക്കൾ വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. അതിനെത്തുടർന്ന് പോലീസ് അന്വേഷണം നടത്തിവരികയായിരുന്നു. ലക്ഷ്മണൻ നാടാരുടെ മൃതദേഹം 12-ാം തീയതിയാണ് ആറ്റിൽ കാണപ്പെട്ടത്. ലക്ഷ്മണൻ നാടാർ മരണപ്പെടാനിടയായ സാഹചര്യത്തെപ്പറ്റി പേരൂർക്കട പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ വിശദവും ഊർജ്ജിതവുമായ അന്വേഷണം നടത്തി വരുന്നു. അന്വേഷണം ശക്തമാക്കണമെന്ന് ഞാൻ നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: സർ, മരണകക്ഷിയിൽപ്പെട്ട ശ്രീ. കെ. മോഹൻ കുമാർ അടക്കമുള്ള എം.എൽ.എ.-മാർ ഇതുസംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ടത് തലസ്ഥാന നഗരവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ ഗുരുതരമായ ക്രമസമാധാനത്തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 29419 ആത്മഹത്യകൾ നടന്ന കൂട്ടത്തിൽ ലക്ഷ്മണന്റെ കൊലപാതകവും ഉൾപ്പെടുത്തുന്നതിനാണ് മുഖ്യമന്ത്രിക്ക് താൽപര്യമെന്നു തോന്നുന്നു. കൊലപാതകമാണെന്ന് വളരെ വ്യക്തമായ തെളിവുകളുണ്ടായിട്ടും ഈ കൊലപാതകത്തിനുത്തരവാദികളായ ആളുകളെ അന്വേഷിക്കുമെന്നല്ല അദ്ദേഹം ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ് തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും നടമാടുന്നത്. ജീവനും സ്വത്തിനും യാതൊരു വിലയുമില്ലാത്ത സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളതാണ് എന്റെ ആവശ്യം. ഈ മാസം 10-ാം തീയതിയാണ് വെള്ളെക്കടവ് പാണങ്കര കുഴിവിള വീട്ടിൽ കൊച്ചുകൃഷ്ണൻ മകൻ ലക്ഷ്മണനെ കാണാതാകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുപോലെ 6605 പേരെ കാണാതായിട്ടുണ്ട്. രണ്ടു ദിവസം കഴിഞ്ഞ് ലക്ഷ്മണന്റെ ജഡം കരമനയാറ്റിൽ നിന്നും കണ്ടുകിട്ടി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുപോലുള്ള 1211 അജ്ഞാത മൃതദേഹങ്ങൾ കണ്ടെത്തുകയുണ്ടായി. ഇത് കരമനയാറ്റിൽ നിന്നാണെന്നുള്ളതുകൊണ്ടും ലക്ഷ്മണന്റെ വീടിന് സമീപത്താണെന്നുള്ളതുകൊണ്ടും ബന്ധുക്കൾ ജഡം തിരിച്ചറിഞ്ഞു. മരണകാരണം കൊലപാതകമാണെന്ന് പ്രഥമദൃഷ്ട്യാ തന്നെ ബോധ്യപ്പെടുന്നതാണ്. കഠിനമായി മർദ്ദിച്ചതിന്റെ പരിക്ക് ദേഹമാസകലമുണ്ടായിരുന്നു. തലയിലും ശരീരഭാഗങ്ങളിലുമെല്ലാം ആഴത്തിലുള്ള മുറിവുകളുണ്ട്. ഉടുത്തിരുന്ന ലുങ്കി രണ്ടായി കീറി കാലുകൾ ബന്ധിച്ച നിലയിലായിരുന്നു ജഡം. ശരീരത്തിന്റെ പിൻഭാഗത്ത് വലിച്ചിഴച്ചതുപോലുള്ള അടയാളമുണ്ട്. വലിച്ചിഴയ്ക്കാൻ സൗകര്യത്തിനെന്നതുപോലെ കാൽ കൂട്ടിക്കെട്ടിയിരുന്ന ലുങ്കി നീട്ടിയിട്ടിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള 1178 കൊലപാതക പരമ്പരകളിൽ മറ്റൊരു കൊലപാതകം കൂടി തിരുവനന്തപുരത്ത് നടന്നിരിക്കുകയാണ്. ഇത് ഗൗരവതരമായ കാര്യമല്ലേ? ഇതിനെ ഗവൺമെന്റ് എങ്ങനെയാണ് നേരിടാൻ പോകുന്നതെന്ന് വ്യക്തമാക്കണം. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ നിയമസഭയുടെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ കവർച്ചകൾ, മോഷണങ്ങൾ, കൊലപാതകങ്ങൾ ഇവമാത്രം ഒന്നുനോക്കിയാൽ മതിയല്ലോ. ജൂൺ മാസം 30-ാം തീയതി നിയമസഭാ സമ്മേളനം നടക്കുന്നയവസരത്തിൽ ഡി.ജി.പി. മൂന്നു വർഷം പഴക്കമുള്ള കണക്കുകൾ നിരത്തി മാധ്യമങ്ങളും ജനപ്രതിനിധികളും പോലീസിനെ പഴി ചാരുന്നത് ശരിയല്ലെന്നു പറഞ്ഞു. മൂന്നു വർഷം പഴക്കമുള്ള കണക്കുകളല്ല ജൂൺ മാസം 15-വരെ നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുള്ള മോഷണങ്ങൾ, ക്രമസമാധാന തകർച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുഖ്യമന്ത്രി തന്നെ ഇവിടെ ചോദ്യത്തിനുത്തരമായി പറഞ്ഞതാണ്. ഡി.ജി.പി-യുടെ പ്രസ്താവനയ്ക്കുശേഷം തിരുവനന്തപുരം പട്ടണത്തിൽ നടന്ന കവർച്ചകളുടേയും മോഷണങ്ങളുടേയും ലിസ്റ്റ് ഞാൻ വായിക്കാം. ജൂൺ മാസം രണ്ടിന് പട്ടാപ്പകൽ എൽ.ഐ.സി.-യിലെ

LIBRARY ARCHIVES Kerala Legislative Assembly

7.4 ലക്ഷം രൂപയുടെ കവർച്ച, ജൂലൈ മാസം 3-ന് മണക്കാട് വ്യാപാരിയുടെ വീട്ടിൽ നിന്ന ജോലിക്കാരനെ കൊലപ്പെടുത്തി വൈരക്കല്ല് മോഷണം. ജൂൺ മാസം 4-ന് റിട്ടയേർഡ് എസ്.ഐ.-യുടെ വീട്ടിൽ നിന്ന് 30 പവനും 50,000 രൂപയും മോഷണം പോയി, നെടുമങ്ങാട് പോലീസ് വിട്ടയച്ച പ്രതികൾ കടകൾ തല്ലിത്തകർത്ത് 25,000 രൂപ കവർന്നു. കോവളത്തെ അഞ്ച് വീടുകളിൽ മോഷണം. കണിയാപുരത്ത് ഉറങ്ങിക്കിടന്ന വീട്ടമ്മയുടെ മാല കവർന്നു. ജൂലൈ 5-ന് ഡി.ജി.പി. ഓഫീസിനടുത്ത് വോൾട്ടാസ് ലൈനിൽ ആഭരണക്കവർച്ച, ജൂലൈ 7-ന് കടകളിൽ നിന്ന് മൊബൈൽ ഫോൺ കവർച്ച. കുടപ്പനക്കുന്നിലെ വീട്ടിൽ നിന്ന് കവർച്ച, ജൂലൈ 9-ന് മലയൻകീഴ് താമസിക്കുന്ന എറണാകുളം സെക്കന്റ് ക്ലാസ് മജിസ്ട്രേട്ടിന്റെ വീട്ടിൽ കവർച്ച. ജൂലൈ 10-ന് നിയമസഭയുടെ സമീപമുള്ള അഞ്ചു കടകളിൽ നിന്നുള്ള കവർച്ച.

ഇന്നത്തെ മലയാള മനോരമ പത്രത്തിൽ കെ.പി.സി.സി. അക്രമവുമായി ബന്ധപ്പെട്ട പ്രതിയെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ടുണ്ട്. ഈ പ്രതി ഒരാഴ്ചയിലേറെ പരസ്യമായി സ്വന്തം മേൽവിലാസത്തിൽ മെഡിക്കൽ കോളേജ് പേവാർഡിൽ കഴിഞ്ഞു. പോലീസ് എവിടെ? പോലീസ് ഇയാളെ അറസ്റ്റ് ചെയ്യാൻ തമിഴ്നാട്ടിൽ സ്പെഷ്യൽ സ്ക്വാഡിനെ വിട്ടിരിക്കുന്നു. ഇയാൾ സ്വയം കീഴടങ്ങിയതിനുശേഷം പോലീസ് ചെന്നു. റിപ്പോർട്ടിൽ പറയുന്നത് ഞാൻ വായിക്കാം. "ഒളിവിലെ താമസം പരസ്യമാക്കിയതിനുശേഷം രാവിലെമുതൽ പോലീസിനെ കാത്തിരിക്കുകയായിരുന്നു. വിനോദിന്റെ സ്വയം കീഴടങ്ങലിൽ മുഖം നഷ്ടപ്പെട്ട പോലീസ് ആ ഭാഗത്തേയ്ക്ക് വന്നതുപോലുമില്ല. പിന്നീട് ഉച്ചയോടെ പോലീസെത്തി വിനോദിനെ അറസ്റ്റ് ചെയ്ത് കൊണ്ടുപോയി. പോലീസിന് എന്നെ പിടിക്കണമെന്ന് ആത്മാർത്ഥമായ ആഗ്രഹം ഇല്ലായിരുന്നുവെന്ന് വിനോദ് പറഞ്ഞു. വീട്ടിൽ വന്ന് ടെലഫോൺ കട്ട് ചെയ്തു, തിരിച്ചറിയൽ കാർഡ് എടുത്തുകൊണ്ടുപോയി, അതിനപ്പുറം ഒന്നും ചെയ്തില്ല. എന്നാൽ ഈ സമയം ഞാൻ വക്കീലിന്റെയടുത്തും ഹൈക്കോടതിയിലും ആശുപത്രിയിലുമൊക്കെയായിരുന്നതായി വിനോദ് പറഞ്ഞു."

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് . . . പ്ളീസ് . . . .

ഡോ. തോമസ് ഐസക്: 150 പ്രതികളിൽ 13 പേരെ മാത്രമേ പിടിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഈ ഭരണം വന്നതിനുശേഷം ഒരു ദിവസം 30-ലേറെ അസ്വാഭാവിക മരണങ്ങളാണ് നടക്കുന്നത്. ഒരു ദിവസം ഒരു കൊലപാതകം. ഓരോ ദിവസവും 25-ലേറെ മോഷണങ്ങളും 32-ലേറെ ഭവനഭേദനങ്ങളുമാണ് നടക്കുന്നത്. അതിൽ ഒരു ദേവാലയ കവർച്ചയുമുണ്ട്. ഇതൊക്കെ സംഘടിതമായി നടക്കുന്ന കവർച്ചയാണ്. മണൽ മാഫിയകൾ, ആർ.എസ്.എസ്. അക്രമി സംഘങ്ങൾ, ഗുണ്ടകൾ, ബ്ളെയ്ഡ് മാഫിയകൾ, ഇതിലൊക്കെ പ്രതിഷേധിച്ച് ഇന്ന് കേരളത്തിലെ എല്ലാ സർക്കിൾ ഇൻസ്പെക്ടർ ആഫീസുകളിലേയ്ക്കും മാർച്ച് നടക്കുകയാണ്. സി.പി.ഐ.-യുടെ ആഭിമുഖ്യത്തിൽ 9-ാം തീയതി മാർച്ച് നടന്നു. ഇന്നലെപോലും ക്രമസമാധാന തകർച്ചയെക്കുറിച്ചും മോഷണങ്ങളെക്കുറിച്ചും എം.എൽ.എ.മാർ സംസാരിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി നിസ്സംഗഭാവം വെടിഞ്ഞ് ഈ സംസ്ഥാനത്ത് നടന്ന ക്രമസമാധാന തകർച്ചയെക്കുറിച്ച്, അരാജകത്വത്തെക്കുറിച്ച്, ഇതിനെ എങ്ങനെ നേരിടാമെന്നതിനെക്കുറിച്ച് ചർച്ച നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതേ കാരണം പറഞ്ഞ് ശ്രീ. കെ. മോഹൻകുമാർ രണ്ടു വാക്ക് സംസാരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. മോഹൻകുമാർ: എന്റെ നിയോജകമണ്ഡലത്തിൽ വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷൻ പരിധിയിലാണ് ദു:ഖകരമായ ഈ സംഭവം നടന്നിരിക്കുന്നത്. ദുരൂഹതകൾ ഒഴിവാക്കി കുടുംബാംഗങ്ങൾക്കും പരിസരവാസികൾക്കും പറയാനുള്ളതുകൂടി പരിഗണിച്ചുകൊണ്ട് നീതിപൂർവ്വവും കാര്യക്ഷമവുമായ ഒരു അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഈ അടിയന്തിര പ്രമേയത്തിന് ആധാരമായ വിഷയത്തെക്കുറിച്ച് പ്രതിപക്ഷ ബഞ്ചിലെ മുതിർന്ന അംഗം ഡോ. തോമസ് ഐസക് വിശദീകരണം നടത്തുന്നതിനിടയിൽ അദ്ദേഹം കഴിഞ്ഞ മൂന്നുവർഷം കേരളത്തിൽ നടന്ന കാര്യങ്ങളെല്ലാം വിശദീകരിക്കാനാണ് തുടങ്ങിയത്. ഇതിന് മറുപടിയായി ഞാൻ അതിനുമുമ്പുള്ള അഞ്ചു വർഷത്തെ കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞാലുള്ള സ്ഥിതി എന്തായിരിക്കും? ഇതൊന്നും നടപടിക്രമമല്ല. കഴിഞ്ഞ അഞ്ചു വർഷക്കാലം ഞാൻ പ്രതിപക്ഷനേതാവായിരുന്നു. അന്ന് അടിയന്തിരപ്രമേയം അവതരിപ്പിക്കുമ്പോൾ വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്ന് നിഷ്ക്കർഷിച്ചിരുന്നു. ഇപ്പോൾ കഴിഞ്ഞ മൂന്നു വർഷം കേരളത്തിൽ നടന്ന കാര്യങ്ങളെ സംബന്ധിച്ചാണ് പറഞ്ഞത്. ഡിമാന്റ് ചർച്ച പോലെയാണോ അടിയന്തിരപ്രമേയം അവതരിപ്പിക്കേണ്ടത്? നിർഭാഗ്യകരമാണ്. ശരിയല്ല. എല്ലാ റൂളുകളും അതേപടി പാലിക്കുക എന്നുള്ളതല്ലെങ്കിലും ഒരു ഔചിത്യം കാണിക്കണം. മൂന്നു വർഷത്തെ കാര്യങ്ങൾ പറയാൻ തുടങ്ങുകയാണെങ്കിൽ തലശ്ശേരിയിലെ കൊലപാതകവും പാനൂരിലെ കൊലപാതകവും കൂത്തുപറമ്പിലെ കൊലപാതകവും നാദാപുരത്തെ കൊലപാതകവും മാർക്സിസ്റ്റ് പാർട്ടി നേതാക്കൻമാർ പോലീസ് സ്റ്റേഷനിൽ ചെന്ന് പ്രതികളേയും ഗുണ്ടകളേയും ആക്രമികളേയും കൊലപാതകികളേയും പിടിച്ചിറക്കിക്കൊണ്ടുപോയ സംഭവങ്ങളുമെല്ലാം കേരളത്തിൽ ആയിരക്കണക്കിന് ഉണ്ടായിട്ടുണ്ട്. കേരളത്തിൽ നായനാരുടെ ഭരണകാലത്ത് 13 സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷനുകളിൽ അറസ്റ്റ് ചെയ്തിരുന്ന പ്രതികളെ മാർക്സിസ്റ്റ് പാർട്ടി നേതാക്കൻമാർ പിടിച്ചിറക്കിക്കൊണ്ടുപോയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മാർക്സിസ്റ്റ് ഭരണകാലത്ത് കേരളത്തിലെ മലബാർ പ്രദേശം നിരന്തരമായ രാഷ്ട്രീയ കൊലപാതകം നടക്കുന്ന സ്ഥലമായിരുന്നു. അന്ന് കൊലപാതക കേസ്സുകളിൽ സാക്ഷി പറയുന്നവന്റെ വീട്ടിൽചെന്ന് കയ്യും കാലും വെട്ടുക എന്നുള്ളത് നിത്യസംഭവമായിരുന്നു. ഇതൊന്നും മറക്കരുത്. മാർക്സിസ്റ്റ് ഭരണകാലത്ത് നിരന്തരമായ രാഷ്ട്രീയ കൊലപാതകങ്ങളും ആക്രമണവും പിടിച്ചുപറിയും നടത്തിയതിന്റെ പേരിൽ ഇപ്പോൾ നടക്കുന്നതിന് ന്യായീകരണമില്ല. ഈ ഗവൺമെന്റ് ഇത്തരം സംഭവങ്ങൾ വളരെ ഗൗരവമായി കാണുന്നു. കേസ് വളരെ ഗൗരവമായി അന്വേഷിക്കും. കുറ്റവാളികളെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തും. ഇതിൽ ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. ഇതിൽ രാഷ്ട്രീയവും കാണിക്കുകയില്ല. അതുപോലെതന്നെ മോഷണത്തിനും കവർച്ചയ്ക്കും ഗുണ്ടാവാഴ്ചയ്ക്കും എതിരായിട്ട് കർശനമായ നടപടികൾ സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. പട്രോൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഗുണ്ടകളെ സംരക്ഷിക്കുന്നവർ ആരായാലും അവരുടെ നിറം നോക്കാതെ അവരുടെ മറ്റ് ബന്ധങ്ങൾ നോക്കാതെ അവരെ അറസ്റ്റ് ചെയ്യാൻ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. അങ്ങനെ അറസ്റ്റ് ചെയ്യുമ്പോൾ നാളെ അതിനെതിരായിട്ട് അടിയന്തിരപ്രമേയവുമായി നിങ്ങൾ വരരുതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഗുണ്ടകൾക്കെതിരായി വളരെ കർക്കശമായ നിലപാട് കേരളമൊട്ടുക്ക് ആരംഭിച്ചിരിക്കുകയാണ്. അറസ്റ്റ് ചെയ്യുന്ന ഗുണ്ടകളെ സംരക്ഷിക്കുന്നതിനുള്ള നീക്കങ്ങൾ ഒരു പാർട്ടിയുടെ ഭാഗത്തുനിന്നും ഉണ്ടാകരുത്. പ്രത്യേകിച്ചും അങ്ങും ഇത് ശ്രദ്ധിക്കണമെന്ന് ഞാൻ പറയുകയാണ്. ഏതായാലും ഈ കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് കാണുന്നതിനാൽ അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ് അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം വളരെ ഗുരുതരമായി വളർന്നുകൊണ്ടിരിക്കുന്ന കേരളത്തിലെ ക്രമസമാധാന പ്രശ്നത്തെ സംബന്ധിച്ച് ഒരിക്കൽപോലും സഭനിർത്തിവച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി തയ്യാറാകാതിരുന്നത് വളരെ വളരെ നിർഭാഗ്യകരമായിപ്പോയി. ഒന്നാമത്, ഓരോ ദിവസം ചെല്ലുന്തോറും മുഖ്യമന്ത്രി ഇതുപോലുള്ള അടിയന്തിരപ്രമേയത്തിന് പറയുന്ന മറുപടി വളരെ ഗൗരവതരമായിട്ട് തന്നെ നടപടി സ്വീകരിക്കുന്നതാണ് എന്നാണ്. ഗൗരവതരമായി മറുപടി സ്വീകരിക്കുന്നുവെന്ന് പറയുന്ന വാക്കിന് വല്ല വിലയും ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള സംഭവവികാസങ്ങൾ എല്ലാ ദിവസവും നടക്കുകയില്ലല്ലോ. കേരളത്തിൽ ഇതേരൂപത്തിലുള്ള കശാപ്പുകൾ നടക്കാതിരുന്നിട്ടുള്ള ദിവസം ഏതെങ്കിലുമുണ്ടോയെന്നാണ് ജനങ്ങൾക്ക് അറിയേണ്ടത്. ഓരോ ദിവസവും കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന കശാപ്പുകളുടേയും മോഷണങ്ങളുടേയും പിടിച്ചുപറികളുടേയും കൊലപാതകങ്ങളുടേയും എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന് കാണുന്നത് ഈ സംസ്ഥാനത്തെ ക്രമസമാധാന നില അനാഥമായ രീതിയിൽ മുന്നോട്ടുപോകുന്നു എന്നുള്ളതാണ്. അതിന് പ്രതിപക്ഷത്തുനിന്ന് ഈ കാര്യത്തെ സംബന്ധിച്ച് ഉന്നയിക്കുമ്പോൾ സമനില തെറ്റി കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ കാര്യങ്ങൾ പറഞ്ഞാൽ ശരിയാകുമോ? ഞാൻ അന്ന് പ്രതിപക്ഷ നേതാവായിരുന്നപ്പോൾ അടിയന്തിരപ്രമേയങ്ങൾ ഉന്നയിച്ചിട്ടുണ്ട്, അതെല്ലാംകൂടി പറയുകയാണെങ്കിൽ എത്രയാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ച് തടി തപ്പാൻ നോക്കുന്നത്. കഴിഞ്ഞ അഞ്ചു കൊല്ലത്തിന്റെത് പറയുകയാണെങ്കിൽ നിങ്ങളുടെ അഞ്ചു കൊല്ലത്തെ കാര്യങ്ങൾ നമ്മൾ പറയുകയില്ലേ? അപ്പോൾ നിങ്ങൾ ഇങ്ങോട്ട് പറയുകയില്ലേ? അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ സ്വാതന്ത്ര്യാനന്തരം കൂടുതൽ കാലം അധികാരത്തിൽ ഇരുന്നുകൊണ്ട് നിങ്ങൾ നടത്തിയിട്ടുള്ള കൊലപാതകങ്ങൾക്കും അക്രമങ്ങൾക്കും കൊള്ളക്കും കണക്കുണ്ടോ? ഇപ്പോൾ ഒരു മാസത്തിനുമുമ്പ് നടന്ന കെ.പി.സി.സി.-യുടെ യോഗത്തിൽ കയറി കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞതനുസരിച്ച് പങ്കെടുക്കുന്നില്ലെങ്കിലും അവിടെവന്ന് തങ്ങളുടെ നിവേദനം നടത്തിയിട്ട് പോകാൻവേണ്ടി പറഞ്ഞൊപ്പിച്ച് വന്ന ആളുകളുടെ മുതുകിന് എത്രയാണ് ഇടിച്ചത്? അതിലെ ഒന്നാം പ്രതി മുഖ്യമന്ത്രിയുടെ കൂടെ പത്രസമ്മേളനം നടത്തുകയാണ്. ഒന്നാം പ്രതിയോട് ഇതുപോലുള്ള നിലപാട് സ്വീകരിക്കുമ്പോൾ ഇവിടെ നിയമ സമാധാന പരിരക്ഷയ്ക്കുവേണ്ടി ഡി.ജി.പി. ആയാലും പോലീസായാലും എന്താണ് സ്വീകരിക്കുക? കെ.പി.സി.സി. യോഗം നടക്കുമ്പോൾ പുറത്ത് ഇടി നടക്കുന്നു, മുഖ്യമന്ത്രി അകത്ത് ഒളിച്ചിരിക്കുന്നു. എന്നിട്ട് അവിടുന്ന് സൂത്രത്തിൽ തടിതപ്പുകയാണ്. ഇതെല്ലാം നിയമസമാധാനം പാലിക്കേണ്ട ഡി.ജി.പി.-യുടെ നേതൃത്വത്തിലുള്ള പോലീസ് കണ്ടുകൊണ്ടിരിക്കുകയല്ലേ? മുഖ്യമന്ത്രിയും കൂട്ടരും ഇതാണ് നിലപാടെടുക്കുന്നതെങ്കിൽ തങ്ങൾ എന്തിനാണ് മറിച്ചൊരു നിലപാടെടുക്കുന്നതെന്ന് അവർ ചിന്തിച്ചാൽ അത്ഭുതപ്പെടേണ്ടതുണ്ടോ? മെഡിക്കൽ കോളേജിൽ അഞ്ചാറു ദിവസമായി വിനോദ്കൃഷ്ണ എന്നു പറയുന്ന ഇതിലെ പ്രതി ചികിത്സയുടെ പേരിൽ കാലിൽ വച്ചുകെട്ടുമായിട്ട് കഴിയുകയാണ്. എന്നിട്ട് അവസാനം അയാൾതന്നെ എന്നെ വന്ന് അറസ്റ്റ് ചെയ്യുവെന്ന് പോലീസിനെ അറിയിക്കുന്നു ഇതല്ലേ ഇവിടുത്തെ നിയമ സമാധാനത്തിന്റെ നില? എന്നിട്ട് ആ നിയമസമാധാനത്തെപ്പറ്റി എന്തെങ്കിലും ഒരു വാക്കു പറയുമ്പോൾ മുഖ്യമന്ത്രിക്ക് അത് സഹിക്കാൻ കഴിയുന്നില്ല. തന്റെ ഭരണത്തിൽ ഇത്ര മേനിയായിട്ടുള്ള രീതിയിൽ കാര്യങ്ങളെല്ലാം ഇങ്ങനെ നടക്കുമ്പോൾ പ്രതിപക്ഷം അലോസരപ്പെടുത്താൻ ശ്രമിക്കുന്നുവെന്നുള്ള നിലയിൽ അദ്ദേഹത്തിന് വലിയ അസഹിഷ്ണുതയാണ്. അസഹിഷ്ണുത കാണിച്ചിട്ട് കാര്യമില്ല. ഇത്തരം കൊള്ളരുതാത്ത, ദുഷ്ടമായ, നീചമായ ഈ നിയമ സമാധാനപാലനം ശരിയായ രീതിയിൽ കൊണ്ടുപോകാൻ തയ്യാറായില്ലെങ്കിൽ ഇറങ്ങിപ്പോകുക എന്നുള്ള സമീപനമാണ്, മര്യാദയാണ് സ്വീകരിക്കേണ്ടത്. അതിന് ഉടുമ്പിന്റെ മനോഭാവത്തോടുകൂടി മുഖ്യമന്ത്രിയുടെ കസേരയിൽ ഇരിക്കുന്നുവെന്ന് കോൺഗ്രസ്സിന്റെ സീനിയർ നേതാവായ ശ്രീ. കെ. കരുണാകരനെകൊണ്ടുകൂടി പറയിപ്പിക്കാൻ തരത്തിലുള്ള കാര്യങ്ങൾ സൃഷ്ടിച്ചിരിക്കുന്ന സാഹചര്യത്തിൽ, ഈ ഗവൺമെന്റിന്റെ നിയമസമാധാനപാലനം അപകടകരമായിട്ട് മുന്നോട്ടു പോകുന്ന സാഹചര്യത്തിൽ കേരളത്തിലെ മനുഷ്യന്റെ ജീവനും സ്വത്തിനും പരിരക്ഷ നൽകാൻ കഴിയാത്ത കഴിവുകെട്ട ഭരണത്തോട് അതിശക്തമായി പ്രതിഷേധം പ്രകടിപ്പിക്കാൻവേണ്ടി ഞങ്ങൾ സഭയിൽനിന്നും വാക്കൗട്ട് നടത്തുകയാണ്.

(ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട മറ്റംഗങ്ങളും സഭവിട്ട് പുറത്തുപോയി)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഈ നിയമസഭാ സമ്മേളനം ആരംഭിച്ച ശേഷം ഞങ്ങൾ നാലാമത്തെ അടിയന്തിരപ്രമേയമാണ് ഇത് സംബന്ധിച്ച് അവതരിപ്പിക്കുന്നത്. മൂന്ന് പ്രാവശ്യവും ഞങ്ങൾ ഇറങ്ങിപ്പോവുകയുണ്ടായില്ല. പോലീസ് ശക്തമായ നടപടി എടുക്കും ഗവൺമെന്റ് ആക്ട് ചെയ്യുന്നു എന്ന് അങ്ങ് മറുപടി പറഞ്ഞതിന്റെയടിസ്ഥാനത്തിൽ ഞങ്ങൾ അടിയന്തിരപ്രമേയത്തിന്റെ ചർച്ചാസന്ദർഭത്തിൽ ഇറങ്ങിപ്പോക്ക് നടത്തുകയുണ്ടായില്ല. കേരളത്തിലെ വിവിധ പത്രങ്ങൾ റിപ്പോർട്ട് ചെയ്ത പ്രകാരം ഈ നിയമസഭാ സമ്മേളനം ആരംഭിച്ചശേഷം 450 ഓളം സംഭവങ്ങളായി. വളരെ ഗൗരവമായ സംഭവങ്ങൾ ഈ സംസ്ഥാനത്ത് ഉണ്ടായതായി റിപ്പോർട്ട് വന്നിരിക്കുന്നു. നമ്മുടെ തലസ്ഥാന നഗരിയായ തിരുവനന്തപുരവും നമ്മുടെ സാസ്കാരിക തലസ്ഥാന നഗരിയായ തൃശൂരും നടക്കുന്ന ആക്രമണം ഗുണ്ടാ മാഫിയാ വിളയാട്ടം മാത്രം എടുത്താൽ കേരള ചരിത്രത്തിൽ ഇതുപോലുള്ള കൊള്ളയും ഭീകരമായ സംഭവങ്ങളും കൊലപാതകങ്ങളും പിടിച്ചു പറിയും മോഷണവും ധാരാളം നടക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചാറു ദിവസമായി മാതൃഭൂമി പത്രത്തിൽ 'അനന്തപുരിയോ അക്രമപുരിയോ' എന്ന വാർത്ത ഉണ്ടായി. അതുപോലെ ദീപിക പത്രം, നിങ്ങളെ സപ്പോർട്ട് ചെയ്യുന്ന പത്രങ്ങൾ ഉൾപ്പെടെ ഈ സംഭവങ്ങളെല്ലാം വളരെ ഗൗരവത്തോടെ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആരെയെങ്കിലും പിടിക്കുന്നുണ്ടോ? 24000-ത്തിന്റേയും 36000-ത്തിന്റേയും ഒക്കെ കേസിന്റെ കണക്ക് പറയുമ്പോൾ മുഖ്യമന്ത്രി പ്രതിഷേധിക്കുന്നുണ്ടോ? ഇത് കേരളത്തിലുണ്ടായ സംഭവങ്ങളല്ലേ? മോഷണം തടയാൻ പോലീസിനെക്കൊണ്ട് കഴിയുന്നില്ല എന്ന് ഡി.ജി.പി. പത്രപ്രസ്താവന നടത്തിയിരിക്കുന്നു. അതുകൊണ്ട് ജനങ്ങൾ സംഘടിച്ചു. ജനങ്ങൾ ഇറങ്ങിയാലേ മോഷ്ടാക്കളെ പിടിക്കാൻ കഴിയുകയുള്ളൂ എന്ന് കേരളത്തിലെ ഉന്നതരായ പോലീസ് മേധാവികൾ പറയുന്നു. നമ്മുടെ സംസ്ഥാനത്തെ ആകെ തകർത്തിരിക്കുന്നു. ഭരണഘടനാപരമായി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ ബാദ്ധ്യതപ്പെട്ട ഗവൺമെന്റ് അതിൽ പരാജയപ്പെട്ടിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. പി. രാജേന്ദ്രൻ: ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി)

ഡോ. നീലലോഹിതദാസൻ നാടാർ: സർ, 3 വർഷങ്ങൾക്ക് മുൻപ് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഈ ഗവൺമെന്റിന്റെ ഭരണത്തിൻ കീഴിലാണ് കേരളത്തിൽ അങ്ങോളമിങ്ങോളം ഈ സംഭവങ്ങൾ ഉണ്ടായിരിക്കുന്നത്. പാനൂരും നാദാപുരത്തും നടന്ന സംഭവങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ മറുപടിയിൽ പറയുകയുണ്ടായി. അതിപ്പോൾ കേരളത്തിൽ വ്യാപകമാവുകയാണ്. വഴുതയ്ക്കാട് വെള്ളയമ്പലം റോഡിലാണ് കേരളാ പോലീസിന്റെ ആസ്ഥാനം.

അതിന്റെ അഡീഷണൽ ആസ്ഥാനമാണ് പട്ടത്തുള്ളത്. എല്ലാ ആധുനിക കമ്മ്യൂണിക്കേഷൻ ബന്ധങ്ങളുമുള്ള ആസ്ഥാനമാണ്. ആ ആസ്ഥാനത്തിന് നേരെ എതിർ വശത്ത് കഴിഞ്ഞയാഴ്ച രാത്രി ഒരു കവർച്ച നടന്നു. മുൻ മുഖ്യമന്ത്രിയുടെ ചെറുമകളുടെ വീട്ടിലാണ് കവർച്ച നടന്നത്. പോലീസ് ആസ്ഥാനത്തിന് നേരെ എതിർ വശത്ത് ഒരു കവർച്ച നടന്നിട്ട് പോലീസിന് ഇതുവരെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. നാളെ ഇനി പോലീസ് ആസ്ഥാനം ഒരുമിച്ച് ആരെങ്കിലും കവർച്ച ചെയ്തുകൊണ്ട് പോയാലും ഒരു നടപടിയും സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിയായിരിക്കും. പോലീസിന്റെ നയങ്ങളെക്കുറിച്ചും നിഷ്ക്രിയത്വത്തെക്കുറിച്ചും ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ബഹുമാനപ്പെട്ട ഡോ. എ. നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി)

ശ്രീ. എ. എ. അസീസ്: സർ, തിരുവനന്തപുരം പട്ടണത്തിൽ ദിനംപ്രതി സംജാതമായിക്കൊണ്ടിരിക്കുന്ന നിർഭാഗ്യകരമായ സംഭവത്തെക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ബഹുമാനപ്പെട്ട എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി. അൽപ്പസമയത്തിനുശേഷം പുറത്തു പോയ അംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി)

III. ശ്രദ്ധക്ഷണിക്കൽ

(1) പാലക്കാട് ജില്ലയിലെ കുരിയാർകുറ്റി–കാരപ്പാറ ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയായ ചിറ്റൂർ താലൂക്കിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുവാൻ കഴിയുന്നതും 75 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതുമായ കുരിയാർകുറ്റി-കാരപ്പാറ ജലവൈദ്യുത പദ്ധതിയുടെ പണി അടിയന്തിരമായി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ശ്രദ്ധക്ഷണിക്കലാണ് ഞാൻ അവതരിപ്പിക്കുന്നത്. 16800 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചനം നടത്താൻ കഴിയുന്നതാണ് നിർദ്ദിഷ്ട കുരിയാർകുറ്റി-കാരപ്പാറ പദ്ധതി. 6788 ഹെക്ടർ നെല്ല്, 5080 ഹെക്ടർ കരിമ്പ്, 2000 ഹെക്ടർ തെങ്ങ്, 815 ഹെക്ടർ ധാന്യം, മറ്റു വിവിധ കൃഷി ആവശ്യങ്ങൾക്ക് 2477 ഹെക്ടർ അങ്ങനെ 16800 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചനം നടത്താൻ കഴിയുന്നതാണ് കുരിയാർകുറ്റി-കാരപ്പാറ പദ്ധതി. ഇന്ന് പാലക്കാട് ജില്ലയിലെ കിഴക്കൻ പ്രദേശമായ ചിറ്റൂർ താലൂക്ക് രൂക്ഷമായ വരൾച്ചയെ നേരിടുന്ന മേഖലയാണ്. കഴിഞ്ഞ വർഷം കേരളത്തിലാകെ മഴ

LIBRARY ARCHIVES Kerala Legislative Assembly